വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ ആന്റ് ബി) ഇല്ല. എന്നാൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാമിൽ ഉൾപ്പെടുത്തി സംസ്ഥാന വ്യാപകമായി പ്രൈമറി സ്കൂൾ തലത്തിലുള്ള കുട്ടികളെ സൗജന്യമായി പരിശോധിപ്പിക്കുവാനും അതിൽ രോഗമുണ്ടെന്ന് സംശയിക്കപ്പെടുന്നവരെ അതാതു പ്രദേശത്തുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാരുടെ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയരാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നിർമ്മാണം പൂർത്തീകരിച്ച ഫ്ളാറ്റുകളും വീടുകളും വിൽപ്പന നടത്തുവാൻ നടപടി

*17 [287] ശ്രീ. ജോണി നെല്ലൂർ:

,, ഷിബു ബേബിജോൺ:

,, എ. എൻ. രാജൻ ബാബു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ നിർമ്മാണം പൂർത്തീകരിച്ച ഫ്ളാറ്റുകളും വീടുകളും വിൽപ്പന നടത്തുവാൻ കഴിയാതെ വന്നിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇവ വിൽപ്പന നടത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്താമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്താണ് ഭവന നിർമ്മാണ ബോർഡ് പദ്ധതികൾ നടപ്പിലാക്കുന്നത്. ആയതിനാൽ വായ്പ തിരിച്ചടവ് നടത്തുന്നത് വരെയുള്ള പലിശ കൂടി കണക്കിലെടുത്താണ് വീടുകളുടെയും ഫ്ളാറ്റുകളുടേയും വിൽപ്പന നടത്തുന്നത്. കൂടാതെ ലാന്റ് അക്വിസിഷൻ കേസുകളിൽ അധിക തുക കോടതി വിധിക്കനുസൃതമായി നൽകേണ്ടി വരുമ്പോൾ സ്ഥലവില ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ ഇങ്ങനെ കണക്കാക്കുന്ന വില മാർക്കറ്റ് വിലയേക്കാൾ കൂടുതലായതുകൊണ്ടാണ് വിൽപ്പന നടത്താൻ കഴിയാതെവന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭവന നിർമ്മാണ ബോർഡ് സംസ്ഥാനത്തിലുടനീളം നടപ്പാക്കിയ വിവിധ പദ്ധതികളിൽ വിറ്റുപോകാതെ കിടന്ന ഏകദേശം 100 കോടി രൂപയോളം വരുന്ന ആസ്തികൾ വില കുറച്ച് വിൽക്കുന്നതിന് 16-6-2003, 16-7-2003 എന്നീ തീയതികളിലെ ജി. ഒ. (എം. എസ്.) 23/2003/ഭവനം, ജി. ഒ. (എം.എസ്.) 25/2003/ ഭവനം നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം ഭവന നിർമ്മാണ ബോർഡിനെ അനുവദിച്ചിരുന്നു. ഇതു പ്രകാരം ദിനപത്രങ്ങളിലും ടി. വി. ചാനലുകളിലും വ്യാപകമായ പരസ്യങ്ങൾ നൽകുകയും വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റാറ്റ്യൂട്ടറി അലോട്ടുമെന്റ് അറിയിപ്പുകൾ നൽകുകയും ചെയ്തു. മേൽപ്പറഞ്ഞ അലോട്ട്മെന്റിൽ വിറ്റു പോകാതെ കിടക്കുന്ന യൂണിറ്റുകൾ 5-3-2001-ലെ ജി. ഒ. (എം.എസ്.) 9/2001/ഭവനം നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കമ്മ്യൂട്ടേഷൻ/ലേല വ്യവസ്ഥയിൽ വിൽപ്പന നടത്തിവരുന്നു. മേൽ നടപടികൾക്കുപുറമേ വീട്/ഫ്ളാറ്റ്/ പ്ലോട്ട് എന്നിവയുടെ വിൽപ്പന ത്വരിതപ്പെടുത്തുന്നതിനായി ബോർഡ് സ്വീകരിച്ചിട്ടുള്ള മറ്റ് നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

## ഹൈസ്കൂളുകളിലെ ഇൻഫർമേഷൻ ടെക്നോളജി ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം

*18 [288] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹൈസ്കൂളുകളിൽ ഇൻഫർമേഷൻ ടെക്നോളജി വിഷയം പഠിപ്പിക്കുന്നതിന് ഇൻസ്ട്രക്ടർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത എന്താണെന്ന് അറിയിക്കാമോ;

(സി) ഇവർക്ക് നൽകുന്ന വേതനം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഐ. റ്റി. പഠന നിലവാരം ഉയർത്തുന്നതിന് ഇൻസ്ട്രക്ടർമാർക്ക് അടിസ്ഥാനയോഗ്യത നിർണ്ണയിച്ച് ക്ലിപ്തമായ ഓണറേറിയം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) മാസ്റ്റർ ട്രെയിനർമാരെക്കൊണ്ട് ട്രെയിൻ ചെയ്ത സ്കൂളുകളിലെ അദ്ധ്യാപകർ തന്നെയാണ് ഇൻഫർമേഷൻ ടെക്നോളജി പഠിപ്പിക്കുന്നത്. കൂടാതെ പ്രാരംഭഘട്ടത്തിൽ സ്കൂൾ അദ്ധ്യാപകരെ സഹായിക്കാൻ വേണ്ടി കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെ സ്കൂൾ അധികൃതർക്ക് നിയമിക്കാവുന്നതാണ്.

(ബി ആന്റ് സി) ബാധകമല്ല.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

† അനുബന്ധം I



LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം I

[4-2-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 17(287) കാണുക.]

1. ഒരാൾക്ക് ഒന്നിൽക്കൂടുതൽ വീടുകൾ ഭവന നിർമ്മാണ ബോർഡിൽ നിന്നും വാങ്ങുവാൻ തക്കവണ്ണം അലോട്ട്മെന്റ് റഗുലേഷനിൽ ആവശ്യമായ ഭേദഗത വരുത്തി.

2. അലോട്ടികളുടെ നിലവിലുള്ള ഹയർ പർച്ചേസ് അക്കൗണ്ടുകളും ലോണ അക്കൗണ്ടുകളും വാണിജ്യ ബാങ്കുകളെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിന് നടപട സ്വീകരിച്ചു. ഇതുമൂലം ബോർഡിന്റെ റവന്യൂ വരുമാനത്തിൽ സ്ഥായിയായ വർദ്ധനവുണ്ടായി.

3. ബോർഡിൽനിന്നും വീടുകൾ, ഫ്ളാറ്റുകൾ എന്നിവയുടെ അലോട്ട്മെന്റുകൾ ലഭിക്കുന്നതിന് ഹയർ പർച്ചേസ് വ്യവസ്ഥയിൽ കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്നതിന് ബാങ്കുകളുമായി ധാരണയിലെത്തി. അലോട്ട്മെന്റ് മീറ്റിംഗുകളിൽ വിവിധ ബാങ്കിംഗ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് അലോട്ടികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കി.

4. ബോർഡിന്റെ വീട്, സ്ഥലം, ഫ്ളാറ്റ് മുതലായവ അലോട്ട് ചെയ്യുന്നതിനും അവയ്ക്ക് വിലയാധാരം നൽകുന്നതിനുമുള്ള അധികാരം, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളുടേത് അതാത് മേഖലാ ഓഫീസുകളിലെ റീജിയണൽ എഞ്ചിനീയർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർക്കും മറ്റ് ജില്ലകളിലേത് അതാത് ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിക്കൊണ്ട് ബോർഡിന്റെ പ്രവർത്തനം വികേന്ദ്രീകരിച്ചതുവഴി വിൽപ്പന നടപടികളിലെ ബുദ്ധിമുട്ടുകൾ പരിഹരിച്ചിട്ടുണ്ട്.

5. ബോർഡ് വിവിധ ജില്ലകളിൽ നടപ്പാക്കിയ ഭവനപദ്ധതികളിൽ ഒഴിവുള്ള പ്ലോട്ടുകൾ/ഫ്ളാറ്റുകൾ/വീടുകൾ എന്നിവ ഇപ്പോൾ പരസ്യമായി ക്വട്ടേഷൻ/ലേല വ്യവസ്ഥയിൽ വിൽക്കുന്നു. ഗുണഭോക്താക്കൾക്ക് പണമടച്ചാലുടൻ തന്നെ വിലയാധാരം നൽകുന്നതിനും തയ്യാറെടുപ്പുകൾ പൂർത്തിയാക്കുകയുണ്ടായി.

6. ബോർഡിന്റെ പ്ലോട്ടുകൾ/ഫ്ളാറ്റുകൾ/വീടുകൾ എന്നിവ ലേലം വഴി വാങ്ങുന്ന ഗുണഭോക്താക്കൾക്ക് ധനകാര്യ സ്ഥാപനങ്ങളായ ഹഡ്കോ നിവാസ്, എച്ച്. ഡി. എഫ്. സി. ബാങ്കുകൾ എന്നിവ വഴി തവണ വ്യവസ്ഥകളിൽ വായ്പ അടയ്ക്കുവാൻ സൗകര്യം ചെയ്തുകൊടുക്കുന്നുണ്ട്. കൂടാതെ ഈ വായ്പകൾക്ക് എസ്. ബി. ഐ. ലൈഫ് എന്ന ഇൻഷ്വറൻസ് കമ്പനി മുഖേന ഇഷ്വറൻസ് പരിരക്ഷ നേടാവുന്നതാണ്. ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുള്ള കാലാവധിക്കുള്ളിൽ ഗുണഭോക്താവ് മരണപ്പെടുകയാണെങ്കിൽ അതുവരെ നിലനിൽക്കുന്ന വായ്പയുടെ (കുടിശ്ശിക ഒഴികെ) തിരിച്ചടവ് ഇൻഷ്വറൻസ് കമ്പനിയുടെ ചട്ടങ്ങൾക്കനുസരണമായി ഇൻഷ്വറൻസ് കമ്പനി ഏറ്റെടുത്തുകൊള്ളും. ഇവ വിൽപ്പന പ്രോൽസാഹിപ്പിക്കുന്നതിന് സഹായിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly